**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3931. 27.06. 2012-ൽ മറുപടിയ്ക്ക്**

## സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളിലെ സ്പെഷ്യാലിറ്റി തസ്തികകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജി. എസ്. ജയലാൽ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി തസ്തികകൾ പുതുതായി അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണമെന്നും, ഏതൊക്കെ താലൂക്ക് ആശുപത്രികളിലെന്നും അറിയിക്കുമോ; | (എ) | ഉണ്ട്. കോട്ടയം ജില്ലയിലെ പാല ജനറൽ ആശുപത്രിയിൽ 15 സ്പെഷ്യാലിറ്റി തസ്തിക കൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ പുതുതായി മേൽപ്പറഞ്ഞ തസ്തികകൾ അനുവദിച്ച് നൽകുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങളോ/ സമിതിയോ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ സമിതി അംഗങ്ങൾ ആരൊക്കെയാണെന്നുള്ള വിശദാംശം അറിയിക്കുമോ; | (ബി) | ഇല്ല. |

| | | | |
|---|---|---|---|
| (സി) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡർ തസ്തികയുടെ ആവശ്യകത കാണിച്ച് നിവേദനം ലഭിച്ചിരുന്നുവോ; പ്രസ്തുത കാര്യത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ട് അനുകൂല നടപടി സ്വീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ശ്രീ. ജി.എസ്. ജയലാൽ, എം.എൽ.എ. സമർപ്പിച്ച നിവേദനവുമായി ബന്ധപ്പെട്ട് 18066/E/12/H&FWD എന്ന ഫയലിൽ തുടർ നടപടി സ്വീകരിക്കുന്നതിലേക്കായി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. |

B.V.Kumar

സെക്ഷൻ ഓഫീസർ